ങ്ങളും അനാവശ്യമായ സ്വാധീനങ്ങളും ഒഴിവാക്കുവാനുള്ള നടപടികളും ഇക്കാര്യത്തിൽ എടുത്തിട്ടുണ്ട്. ഇനി എപ്പോഴെങ്കിലും ഇതിനെ സംബന്ധിച്ച് പരാതി കിട്ടുമ്പോൾ ഗവൺമെന്റ് പരിശോധിച്ച് നടപടിയെടുക്കുന്നതാണ്.

ശ്രീ. വി. ജെ. തങ്കപ്പൻ : സ്വയം തൊഴിൽ കണ്ടെത്തൽ പദ്ധതിപ്രകാരം പതിമൂന്നായിരം പേർക്ക് വായ്പ കൊടുത്തിട്ടുണ്ട് എന്നു പറഞ്ഞു. അങ്ങനെ വ്യവസായ യൂണിറ്റുകൾ തുടങ്ങുന്നതിന് എത്രപേർക്ക് വായ്പ കൊടുത്തിട്ടുണ്ടെന്നും കൊടുത്ത വ്യവസായ യൂണിറ്റുകൾ എത്രയെണ്ണം നിലനിൽക്കുന്നുവെന്നും പരിശോധിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വെളിപ്പെടുത്തുമോ ?

ശ്രീ. ഇ. അഹമ്മദ് : ഗവൺമെന്റിന്റെ ഗൈഡ്‌ലൈൻസ് അനുസരിച്ച് അൻപതു ശതമാനത്തിലധികം ഈ പദ്ധതിയിൽ വ്യവസായ യൂണിറ്റുകളാക്കാൻ പാടില്ലെന്നാണ്. ഇപ്പോഴും അൻപതു ശതമാനം വ്യവസായ യൂണിറ്റുകളെ ആകാൻ പാടുള്ളൂ. ബാക്കി ഇപ്പോൾ ബിസിനസ് വെഞ്ചറും മറ്റും മുപ്പതു ശതമാനമേ വരികയുള്ളൂ. കൊടുത്തതിൽ അൻപതു ശതമാനത്തിലധികവും വ്യവസായ സംരംഭകർക്കാണ്.

ശ്രീ. എ. സി. ഷൺമുഖദാസ് : സർവ്വീസ്, ബിസിനസ്, ഇൻഡസ്ട്രി എന്നീ മൂന്നു സെക്ടറുകളിൽ നമ്മുടെ നാട്ടിൽ വൈദ്യുതിയിലും റാമെറ്റീരിയലിന്റെ കാര്യത്തിലും മറ്റുപല കാര്യങ്ങളിലും പ്രശ്നങ്ങളുണ്ട്. അതിന്റെ ഫലമായി നമുക്ക് അനുവദിക്കുന്ന പതിമൂന്നായിരത്തിൽ പകുതിയും ലാപ്സായി പോകാൻ ഇടയുണ്ട്. അതുകൊണ്ട് ഈ സംസ്ഥാനത്ത് ബാക്കി വരുന്ന പണം ബിസിനസിനും സർവ്വീസിനും ഉപയോഗിക്കുവാൻ കേന്ദ്ര ഗവൺമെന്റിന്റെ പ്രത്യേക അനുവാദത്തിനുവേണ്ടിയുള്ള നീക്കം നടത്തുമോ.

ശ്രീ. ഇ. അഹമ്മദ് : ഇത് പരിഗണനാർഹമായ ചോദ്യമാണ്. ഇതിനെ കുറിച്ച് പരിശോധിക്കുന്നതാണ്.

പുതിയ സബ് രജിസ്ട്രാർ ആഫീസുകൾ

* 335 [361] ശ്രീ. കെ. എസ്. നാരായണൻ നമ്പൂതിരി :
,, പി. പി. തങ്കച്ചൻ :
,, കെ. കെ. രാമചന്ദ്രൻ മാസ്റ്റർ :
,, കെ. രാഘവൻ മാസ്റ്റർ :
,, പന്തളം സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതിയ സബ് രജിസ്ട്രാർ ആഫീസുകൾ സ്ഥാപിക്കുന്നതിന്റെ മനദണ്ഡമെന്താണെന്ന് വ്യക്തമാക്കാമോ ;

(ബി) പുതുതായി എത്ര സബ് രജിസ്ട്രാർ ആഫീസുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട് ; അവ ഏവിടെയെല്ലാം ;

(സി) ഇതു സംബന്ധിച്ച നടപടികൾ പൂർത്തിയായിട്ടുണ്ടോ ?

വനം വകുപ്പുമന്ത്രി (ശ്രീ. കെ. പി. നൂറുദ്ദീൻ) :

(എ) പതിക്കുന്ന ആധാരങ്ങളുടെ എണ്ണം, പൊതുജനങ്ങളുടെ സഞ്ചാര സൗകര്യം, കെട്ടിടം, ഫർണിച്ചർ തുടങ്ങിയവ സൗജന്യമായി കിട്ടാനുള്ള സാദ്ധ്യത ഇവയാണ് പ്രധാനമായി കണക്കിലെടുക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) തീരുമാനിച്ചിട്ടില്ല.

(സി.) ഇല്ല.

ശ്രീ. കെ. എസ്. നാരായണൻ നമ്പൂതിരി : പുതുതായി അംഗീകരിച്ച നയമനുസരിച്ച് എത്ര രജിസ്ട്രാർ ഓഫീസുകൾ പുനർ വിഭജനം ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്; അതേതെല്ലാം പ്രദേശങ്ങളിലാണെന്ന് പറയാമോ ?

ശ്രീ. കെ. പി. നൂറുദ്ദീൻ : ഈ മാനദണ്ഡമനുസരിച്ച് ഏതാണ്ട് മുപ്പത്തിയൊൻപതു സബ് രജിസ്ട്രാർ ആഫീസുകൾ പുതുതായി ആരംഭിക്കേണ്ടി വരുമെന്നാണ് ഡയറക്ടറുടെ പ്രാഥമിക റിപ്പോർട്ടിൽ ഉള്ളത്

ശ്രീ. കെ. എസ്. നാരായണൻ നമ്പൂതിരി : പഴയ രജിസ്ട്രാർ ഓഫീസ് എന്ന നാമധേയത്തിൽ പഴനിയിൽനിന്നും പത്തുകിലോമീറ്റർ അകലെ പ്രവർത്തിക്കുന്ന അക്കിക്കാവു രജിസ്ട്രാർ ഓഫീസിനു വളരെയധികം സ്ഥല പരിധിയുണ്ട്. അതുകൊണ്ട് അത് പുനർ വിഭജനം നടത്താനുള്ള നടപടിയെടുക്കുമോ ?

ശ്രീ. കെ. പി. നൂറുദ്ദീൻ : ഓരോ പ്രത്യേക ഓഫീസിനെക്കുറിച്ചും ഞാൻ പറയുന്നില്ല. ഈ മാനദണ്ഡത്തിന്റെ പരിധിയിൽ വരുമെങ്കിൽ അതു പരിഗണിക്കുന്നതാണ്.

ശ്രീ. പി. പി. തങ്കച്ചൻ : ഈ മാനദണ്ഡ പരിധിയിൽ വരുന്ന എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട കുറുപ്പുംപടി എന്ന സ്ഥലത്ത് പുതുതായി ഒരു രജിസ്ട്രാർ ഓഫീസ് തുറക്കുവാൻ നിർദ്ദേശമുണ്ട്. അത് ഉടനെ തുറക്കുവാനുള്ള നടപടിയെടുക്കുമോ ?

ശ്രീ. കെ. പി. നൂറുദ്ദീൻ : പ്രാഥമികമായ റിപ്പോർട്ട് മാത്രമേ വന്നിട്ടുള്ളു. വിശദമായ റിപ്പോർട്ടു വരുമ്പോൾ പരിഗണിക്കുന്നതാണ്.

ശ്രീ. കെ. രാഘവൻ മാസ്റ്റർ : ഒരു രജിസ്ട്രാർ ഓഫീസ് തുറക്കുന്നതിനുവേണ്ടി എത്ര രജിസ്ട്രേഷൻ വേണമെന്നുള്ളതാണ് ഗവൺമെന്റ് കണക്കാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ശ്രീ. കെ. പി. നൂറുദ്ദീൻ : ഇപ്പോൾ ഒരു രജിസ്ട്രാർ ഓഫീസ് പ്രവർത്തിക്കണമെങ്കിൽ 3,800 രജിസ്ട്രേഷൻ നടക്കണമെന്നാണ് കണക്കാക്കിയിട്ടുള്ളത്. അയ്യായിരത്തിനുമേൽ രജിസ്ട്രേഷൻ നടക്കുന്ന സ്ഥലത്ത് പുനർ വിഭജനം നടത്തുന്നതിനെക്കുറിച്ച് ഇപ്പോൾ ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. എ. സി. ജോസ് : കേരളത്തിലെ ഏറ്റവും വലിയ രജിസ്ട്രാർ ഓഫീസാണ് പറവൂരുള്ളത്. അതുകൊണ്ട് നോർത്ത് പറവൂരിലുള്ള രജിസ്ട്രാർ ഓഫീസ് വിഭജിച്ച് ഒരു രജിസ്ട്രാർ ഓഫീസുകൂടി തുടങ്ങുവാനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. പി. നൂറുദ്ദീൻ : ഇതിന് ചില മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. ആ മാനദണ്ഡം അനുസരിച്ചാണ് ഇത് വിഭജിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly